**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 729** **10-02-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ ജി.എസ്.ടി. ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ സ്ഥാപനങ്ങളിൽ ജി.എസ്.ടി. ഓഡിറ്റ് വിഭാഗം 2024 ലും 2025 ലും നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ നികുതി വെട്ടിപ്പ് എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | സഹകരണ സ്ഥാപനങ്ങളിൽ ജി.എസ്.ടി. ഓഡിറ്റ് വിഭാഗം 2024 ലും 2025 ലും നടത്തിയ പരിശോധനയിൽ കണ്ടെത്തിയ നികുതി വെട്ടിപ്പ് സംബന്ധിച്ച ജില്ല തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ലയുടെ പേര് | 2024-ൽ നികുതി വെട്ടിപ്പ് കണ്ടെത്തിയ തുക (ലക്ഷത്തിൽ) | 2025-ൽ നികുതി വെട്ടിപ്പ് കണ്ടെത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 16.25 | 0 |
| 2 | കൊല്ലം | 76.985 | 0 |
| 3 | പത്തനംതിട്ട | 15.757 | 0 |
| 4 | ആലപ്പുഴ | 0 | 0 |
| 5 | കോട്ടയം | 12.338 | 39.516 |
| 6 | ഇടുക്കി | 0 | 0 |
| 7 | എറണാകുളം | 780.446 | 0 |
| 8 | തൃശ്ശൂർ | 138.595 | 0 |
| 9 | പാലക്കാട് | 11.513 | 0 |
| 10 | മലപ്പുറം | 360.058 | 0 |
| 11 | കോഴിക്കോട് | 124.894 | 0 |
| 12 | വയനാട് | 0 | 0 |
| 13 | കണ്ണൂർ | 381.54 | 0 |
| 14 | കാസർഗോഡ് | 0 | 0 |

| | | | |
|---|---|---|---|
| (ബി) | തുക ഈടാക്കി വർഷംതോറും നിർബന്ധിത ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടും ഇത്തരത്തിലുള്ള തെറ്റുകൾ കണ്ടെത്താൻ സാധിക്കാത്തത് | (ബി) | സഹകരണ സംഘങ്ങളിലെ ഏതെല്ലാം സേവനങ്ങൾക്കാണ് ജി.എസ്.ടി അടയ്ക്കേണ്ടത് എന്നത് തർക്ക വിഷയമാണ്. ജി.എസ്.ടി. വകുപ്പ് വ്യാപാര പ്രവർത്തനങ്ങൾക്കു പുറമെ വ്യാപാരേതര ഹെഡുകളിൽ ഉള്ള തുകയ്ക്കും ജി.എസ്.ടി. ഡിമാന്റ് ചെയ്യുന്നു. സഹകരണ ഓഡിറ്റിന്റെ പരിശോധനയിൽ വിവിധങ്ങളായ ടാക്സ് നിരക്കിൽ വരുന്ന വ്യതിയാനം കണ്ടെത്തുവാൻ |

| | | | |
|---|---|---|---|
| | എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | | തക്കതായ നിർദ്ദേശങ്ങൾ ലഭ്യമല്ലാത്തതാണ്. സംഘങ്ങൾ നടത്തുന്ന GDCS നിക്ഷേപ പദ്ധതി ചിട്ടി നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ GDCS നിക്ഷേപ പദ്ധതികളുടെ കമ്മീഷന് ജി.എസ്.ടി. അടയ്ക്കേണ്ടതുണ്ടോ എന്നത് സംഘങ്ങൾ തർക്ക വിഷയമായി ഉന്നയിക്കുന്നു. ഈ വിഷയം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ വകുപ്പുതലത്തിൽ നടത്തുന്ന പരിശോധനയിലും ആഡിറ്റ് റിപ്പോർട്ടിലും ജി.എസ്.ടി. സംബന്ധിച്ച പരാമർശങ്ങൾ ഇല്ല. സഹകരണ സംഘങ്ങൾ നൽകുന്ന ഏതെല്ലാം സേവനങ്ങൾക്കാണ് ജി.എസ്.ടി. ഈടാക്കേണ്ടത് എന്ന് വ്യക്തതയില്ലാത്തതിനാൽ, ഈ വിഷയവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമായി ചർച്ച നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ